REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

തിയ്യതി: 20-07-2024 സമയം 12.30 PM

---

## പ്രധാന വാർത്തകൾ

- പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം നാളെ.
- ബജറ്റിൽ ഉൾപ്പെടുത്തുന്നതിന് കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിച്ചതായി മന്ത്രി K.N. ബാലഗോപാൽ.
- ഉത്തര കന്നഡയിലെ ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുനെ കണ്ടെത്താൻ തെരച്ചിൽ ഊർജ്ജിതം.
- മലപ്പുറത്ത് നിപ വൈറസ് സംശയിക്കുന്ന സാഹചര്യത്തിൽ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു.
- സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.
- ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് മലേഷ്യ - തായ്‌ലാന്റിനെയും ശ്രീലങ്ക - ബംഗ്ലാദേശിനെയും നേരിടും.

## വാർത്തകൾ വിശദമായി

പാർലമെന്റ് ബജറ്റ് സമ്മേളനത്തിന് മുന്നോടിയായി ഗവൺമെന്റ് വിളിച്ച സർവകക്ഷിയോഗം നാളെ. യോഗത്തിൽ പാർലമെന്റിന്റെ ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം

ഉറപ്പാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും സഹകരണം കേന്ദ്ര ഗവൺമെന്റ് തേടും.

പാർലമെന്റിന്റെ ബജറ്റ് സമ്മേളനം തിങ്കളാഴ്ച തുടങ്ങി അടുത്ത മാസം 12 വരെ തുടരും. കേന്ദ്ര ബജറ്റ് ചൊവ്വാഴ്ച ധനമന്ത്രി നിർമലാ സീതാരമാൻ അവതരിപ്പിക്കും. നരേന്ദ്ര മോദി ഗവൺമെന്റിന്റെ മൂന്നാം ടേമിലെ ആദ്യ ബജറ്റാണിത്.

✪✪✪

കേന്ദ്ര ബജറ്റിനു മുന്നോടിയായി കേരളത്തിന്റെ ആവശ്യങ്ങൾ കേന്ദ്രത്തെ അറിയിച്ചിരുന്നു എന്നും 24,000 കോടി രൂപയുടെ ആവശ്യം ഉന്നയിച്ചിരുന്നു എന്നും മന്ത്രി K.N. ബാലഗോപാൽ അറിയിച്ചു. കേരളത്തിന് ന്യായമായി ലഭിക്കേണ്ട പണമാണ് ആവശ്യപ്പെട്ടതെന്നും മന്ത്രി തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ബ്രാന്റിംഗിന്റെ പേരുപറഞ്ഞ് കഴിഞ്ഞവർഷത്തെ പല തുകകളും നൽകിയിട്ടില്ലെന്നും അദ്ദേഹം അറിയിച്ചു.

കഴിഞ്ഞ തവണത്തേക്കാളും മികച്ച ബജറ്റ് ആയിരിക്കും ഇത്തവണത്തേത് എന്നും കേരളത്തിന്റെ ആവശ്യങ്ങൾ പരിഗണിക്കും എന്നാണ് പ്രതീക്ഷയെന്നും മന്ത്രി പറഞ്ഞു. കൂടുതൽ ജനക്ഷേമ പ്രവർത്തനങ്ങൾക്കായി കേന്ദ്രം മുന്നോട്ടു വരും എന്ന് പ്രതീക്ഷിക്കുന്നതായും ബാലഗോപാൽ പറഞ്ഞു. കേരളത്തിന് അർഹമായ നികുതി വിഹിതം ലഭിക്കുന്നില്ലെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്ത് എയിംസ് വളരെ മുമ്പേ വരേണ്ടതായിരുന്നു. സ്ഥലം എവിടെയായാലും പ്രശ്നങ്ങൾ ഉണ്ടാവില്ലെന്നും ബാലഗോപാൽ വ്യക്തമാക്കി.

✪✪✪

ഉത്തര കന്നഡയിലെ അംഗോളക്കടുത്ത് ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ അർജുന്റെ ലോറിയുടെ ലോക്കേഷൻ റഡാറിൽ കണ്ടെത്തിയതായി റിപ്പോർട്ട്. ഇന്ന് രാവിലെ മംഗളൂരുവിൽ നിന്നും എത്തിച്ച ഗ്രൗണ്ട് പെനട്രേറ്റിങ് റഡാർ ഡിവൈസ് ഉപയോഗിച്ച് നടത്തിയ പരിശോധനയിലാണ് ലോറിയുടെ സ്ഥാനം കണ്ടെത്തിയത്. ഈ സ്ഥലത്തെ മണ്ണ് മാറ്റി ഊർജിത തിരച്ചിൽ നടക്കുകയാണ്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്.............

രക്ഷാപ്രവർത്തനം ഊർജിതമായി തുടരുന്നതായി ഉത്തര കന്നട ജില്ലാ കലക്ടർ ലക്ഷ്മിപ്രിയ അറിയിച്ചു. 400 മീറ്റർ സ്ഥലത്തെ മണ്ണ് നീക്കിയെന്നും അവർ മാധ്യമങ്ങളോട് പറഞ്ഞു. അപകട സ്ഥലത്ത് ഇടവിട്ട് മഴ പെയ്യുന്നത് രക്ഷാപ്രവർത്തനത്തിന് വെല്ലുവിളിയാകുന്നുണ്ടെന്നും കലക്ടർ അറിയിച്ചു.

നാവികസേന, NDRF, SDRF, പൊലീസ്, അഗ്നിശമന സേന സംഘങ്ങൾ ചേർന്നാണ് അഞ്ചാം ദിവസവും രക്ഷാദൗത്യം തുടരുന്നത്. ലോറിയുടെ സ്ഥാനം കണ്ടെത്താനായത് ദൗത്യത്തിൽ നിർണായക വഴിത്തിരിവാണ്. ഈ സ്ഥലം കേന്ദ്രീകരിച്ചാണ് ഇപ്പോൾ മണ്ണ് നീക്കി പരിശോധന നടത്തുന്നത്. പ്രദേശത്ത് ഇന്ന് മഴ മാറി നിൽക്കുന്നതും രക്ഷാ ദൗത്യത്തിന് ഏറെ സഹായകരമാണ്.

ചൊവ്വാഴ്ച രാവിലെ ബെഗാവിയിൽ നിന്ന് മരം കയറ്റി എടവണ്ണപ്പാറയ്ക്ക് വരുന്നതിനിടെ കർണാടക-ഗോവ അതിർത്തിയിലൂടെ കടന്നുപോകുന്ന പൻവേൽ-കന്യാകുമാരി ദേശീയപാതയിൽ വിശ്രമിക്കാനായി ലോറി നിർത്തിയപ്പോഴാണ് അർജുൻ മണ്ണിടിഞ്ഞ് അപകടത്തിൽപ്പെട്ടത്.

ഷിരൂരിൽ ദേശീയ പാതയിലുണ്ടായ മണ്ണിടിച്ചിലിനെ തുടർന്ന് ലോറിയുൾപ്പെടെ മണ്ണിനടിയിൽപ്പെട്ട സംഭവത്തിൽ വാർത്ത അറിഞ്ഞ ശേഷം വിഷയത്തിൽ ഇടപെട്ടിട്ടുണ്ടെന്ന് മന്ത്രി A.K. ശശീന്ദ്രൻ പറഞ്ഞു. അപകടം സംബന്ധിച്ച വിവരം ഗവൺമെന്റിന് ലഭിച്ചത് വളരെ വൈകിയാണെന്നും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു. നിലവിൽ മനുഷ്യ സാധ്യമായതെല്ലാം അവിടെ ചെയ്യുന്നുണ്ടെന്നും കർണാടക ഗവൺമെന്റ് നല്ല രീതിയിലാണ് സ്ഥലത്ത് ശ്രമങ്ങൾ നടത്തി വരുന്നതെന്നും ശശീന്ദ്രൻ അറിയിച്ചു.

മലപ്പുറത്ത് നിപ വൈറസ് സംശയിക്കുന്ന സാഹചര്യത്തിൽ മന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നു. പൂനെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് പരിശോധനയ്ക്ക് അയച്ച കുട്ടിയുടെ സ്രവത്തിന്റെ അന്തിമ ഫലത്തിനായി കാത്തിരിക്കുകയാണ്. നിപ പ്രോട്ടോകോൾ പ്രകാരം നടപടി രാവിലെ തന്നെ

ആരംഭിച്ചിരുന്നു. മന്ത്രി മലപ്പുറത്തെത്തി പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, എൻ.എച്ച്.എം. സ്റ്റേറ്റ് മിഷൻ ഡയറക്ടർ, മലപ്പുറം, കോഴിക്കോട് ജില്ലാ കളക്ടർമാർ, ആരോഗ്യ വകുപ്പ് ഡയറക്ടർ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, മെഡിക്കൽ കോളേജ് പ്രിൻസിപ്പൽമാർ, തുടങ്ങിയവർ ഓൺലൈനായി ചേർന്ന യോഗത്തിൽ പങ്കെടുത്തു.

മസ്തിഷ്ക ജ്വര ലക്ഷണങ്ങളോടെ മലപ്പുറം സ്വദേശിയായ 14-കാരനാണ് കോഴിക്കോട് സ്വകാര്യ ആശുപത്രിയിൽ നിരീക്ഷണത്തിൽ കഴിയുന്നത്.

✪✪✪

കണ്ണൂരിൽ മൂന്നരവയസ്സുകാരന് അമീബിക് മസ്തിഷ്ക ജ്വരം സ്ഥിരീകരിച്ചു. ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ കുട്ടിയ്ക്കാണ് രോഗം സ്ഥിരീകരിച്ചത്. കുട്ടി തോട്ടിൽ കുളിച്ചിരുന്നതായി പറയുന്നു. കുട്ടിയെ കോഴിക്കോട്ടെ സ്വകാര്യ ആശുപത്രിയിലേക്ക് മാറ്റി.

✪✪✪

മൻ കി ബാത്ത് ക്വിസ് താലൂക്ക് തല ക്വിസ് മത്സരം കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ നാളെ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. കേന്ദ്ര യുവജനകാര്യ കായിക മന്ത്രാലയത്തിന് കീഴിലെ നെഹ്റു യുവ കേന്ദ്ര സംഘാതൻ

ആണ് ഗ്ലോബൽ ഗിവേഴ്സ് ഫൌണ്ടേഷനുമായി സഹകരിച്ച് പരിപാടി സംഘടിപ്പിക്കുന്നത്.

✪✪✪

വിൻഡോസ് തകരാറിനെ തുടർന്ന് രാജ്യത്തുടനീളം താറുമാറായ എയർലൈൻ സംവിധാനങ്ങൾ സാധാരണ നിലയിലായെന്ന് കേന്ദ്ര വ്യോമയാന മന്ത്രി റാം മോഹൻ നായിഡു അറിയിച്ചു. വിമാന സർവീസുകൾ ഇപ്പോൾ സുഗമമായി നടക്കുന്നതായും ഇന്നലത്തെ പ്രതിസന്ധിയെ തുടർന്നുണ്ടായ മറ്റു പ്രശ്നങ്ങൾ ഉച്ചയോടെ പൂർണമായും പരിഹരിക്കപ്പെടുമെന്നും അദ്ദേഹം ഡൽഹിയിൽ പറഞ്ഞു.

വിമാനത്താവളങ്ങളിലെ പ്രവർത്തനങ്ങൾ നിരന്തരം നിരീക്ഷിച്ചുവരുന്നുണ്ടെന്നും കേന്ദ്ര വ്യോമയാന മന്ത്രി വ്യക്തമാക്കി.

✪✪✪

സംസ്ഥാനത്ത് വടക്കൻ ജില്ലകളിൽ ഇന്നും നാളെയും ശക്തമായ മഴയ്ക്കു സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു.

കേരളാ, കർണ്ണാടക, ലക്ഷദ്വീപ് തീരങ്ങളിൽ 45 മുതൽ 50 കിലോമീറ്റർ വരെ വേഗത്തിൽ കാറ്റിന് സാധ്യതയുണ്ടെന്നും മീൻപിടുത്തക്കാർ കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്.

✪✪✪

അതേസമയം, കണ്ണൂരിൽ മഴയ്ക്ക് നേരിയ ശമനമുണ്ടായി. വെള്ളക്കെട്ടിന് കുറവുണ്ടായിട്ടുണ്ട്. പുഴകളിലെ ജലനിരപ്പ് താഴ്ന്നു തുടങ്ങി. പഴശ്ശി ഡാമിന്റെ 12 ഷട്ടറുകൾ പൂർണ്ണമായും തുറന്നു. നാലെണ്ണം 120 സെ.മീ, ഉയർത്തി. മാത മംഗലത്തിനടുത്ത് പെരുവാമ്പ പുഴയിൽ കാണാതായ സ്ത്രീയുടെ മൃതദേഹം കണ്ടെത്തി. കോടൂർ മാധവിയാണ് മരിച്ചത്. ജില്ലയിൽ ഏഴു ദുരിതാശ്വാസ ക്യാമ്പുകളിലായി 76 പേർ കഴിയുന്നു.205 കുടുംബങ്ങളെയാണ് ബന്ധുവീടുകളിലേക്കോ വാടക വീടുകളിലേക്കോ മാറ്റി പാർപ്പിച്ചത്.

✪✪✪

വയനാട്ടിൽ മഴയ്ക്ക് നേരിയ കുറവ് ജില്ലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എല്ലാം അടഞ്ഞുകിടക്കുകയാണ്. 45 ദുരിതാശ്വാസ ക്യാമ്പുകളിലായി 2,616 പേരാണ് കഴിയുന്നത് മഴയുടെ അളവ് ഗണ്യമായി കുറഞ്ഞതോടെ ജലനിരപ്പ് കുറഞ്ഞു തുടങ്ങിയിട്ടുണ്ട്. ഹെക്ടർ കണക്കിന് കൃഷിനാശമാണ് ഉണ്ടായത് വയനാട്ടിൽ മാത്രം ഏകദേശം 4 കോടി രൂപയുടെ കൃഷി നാശം ഉണ്ടായതയാണ് പ്രാഥമിക കണക്ക്.

മുപ്പതോളം വീടുകളാണ് കാലവർഷത്തിൽ ജില്ലയിൽ തകർന്നത്.

✪✪✪

വയനാട്ടിൽ വെള്ളമുണ്ട പഞ്ചായത്തിലെ ആയുർവേദ ഡിസ്പൻസറിയും അംഗൻവാടിയും സ്ഥിതിചെയ്യുന്ന സ്ഥലത്ത്

മണ്ണിടിഞ്ഞ് ഗർത്തം രൂപപ്പെട്ടു. ഇവിടെനിന്ന് ഉറവയും എടുക്കുന്നുണ്ട്.

✪✪✪

കോഴിക്കോട് കുറ്റ്യാടി ജലവൈദ്യുത പദ്ധതിയുടെ ഭാഗമായ കക്കയം ജലസംഭരണിയിലെ ജലനിരപ്പ് 757.5 മീറ്ററായി ഉയർന്നതിനെ തുടർന്ന് ഡാമിൽ ചുവപ്പുജാഗ്രത പ്രഖ്യാപിച്ചതായി എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഡാമിലെ ജലനിരപ്പ് പരമാവധി ജലനിരപ്പായ 758.05 മീറ്ററിൽ എത്തുന്ന മുറയ്ക്ക് അധികജലം തുറന്നുവിടും. ഘട്ടംഘട്ടമായി ഷട്ടർ ഒരു അടി വരെ ഉയർത്തി സെക്കന്റിൽ 25 ഘനമീറ്റർ എന്ന തോതിലാണ് ജലം ഒഴുക്കിവിടുക. പുഴയുടെ ഇരുകരകളിലും താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് അധികൃതർ അറിയിച്ചു.

✪✪✪

ശ്രീലങ്കയിലെ ദാംബുള്ളയിൽ ഏഷ്യാ കപ്പ് വനിതാ ട്വന്റി-20 ക്രിക്കറ്റിൽ ഇന്ന് രണ്ട് മത്സരങ്ങൾ. ആദ്യ മത്സരത്തിൽ ഉച്ചയ്ക്ക് രണ്ടിന് മലേഷ്യ - തായ്‌ലാന്റിനെയും രണ്ടാം മത്സരത്തിൽ വൈകിട്ട് ഏഴിന് ശ്രീലങ്ക - ബംഗ്ലാദേശിനെയും നേരിടും.

ഇന്നലെ ഇന്ത്യ - പാക്കിസ്ഥാനെ 7 വിക്കറ്റിന് പരാജയപ്പെടുത്തി. നാളെ ഇന്ത്യ UAE യെ നേരിടും. ഉച്ചയ്ക്ക് രണ്ടിനാണ് മത്സരം.

✪✪✪

കണ്ണൂർ KSRTC-യുടെ ബഡ്ജറ്റ് ടൂറിസം ആറന്മുള സദ്യയുണ്ണാൻ അവസരമൊരുക്കുന്നു. പഞ്ചപാണ്ഡവ ക്ഷേത്രങ്ങളിലും ദർശനം നടത്താം.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരന്റെ റിപ്പോർട്ടിലേക്ക്.

...........വോയ്സ്.........

✪✪✪

തിരുവനന്തപുരം IISER ന്റെ 12-ാമത് ബിരുദദാന ചടങ്ങ് ഇന്ന്.

വിതുരയിലെ കാമ്പസിൽ വൈകീട്ട് നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഗവൺമെന്റിന്റെ മുഖ്യ ശാസ്ത്ര ഉപദേഷ്ടാവും പ്രധാനമന്ത്രിയുടെ ശാസ്ത്ര സാങ്കേതിക ഉപദേശക സമിതി അദ്ധ്യക്ഷനുമായ പ്രൊഫ.അജയ് കുമാർ സൂദ് മുഖ്യാതിഥിയാകും.

✪✪✪

ഇന്ന് ദേശീയ ചാന്ദ്ര ദിനം. 1969 ജൂലൈ 20 നാണ് മനുഷ്യൻ ആദ്യമായി ചന്ദ്രനിൽ ഇറങ്ങിയത്. അമേരിക്കൻ ബഹിരാകാശ യാത്രികനായ നീൽ ആംസ്ട്രോങ് ഇതോടെ ചരിത്രത്തിന്റെ ഭാഗമായി. ഈ മഹാസംഭവത്തിന്റെ ഓർമ്മ പുതുക്കലായാണ് ലോകമെമ്പാടും ഇന്ന് ചാന്ദ്ര ദിനം ആചരിക്കുന്നത്.

✪✪✪